## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2358 01.04.2013- ൽ മറുപടിയ്ക്ക്

**മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് നടപ്പിലാക്കാത്തത് സംബന്ധിച്ച്**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | **ശ്രീ. വി. എസ്. ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2011 ഏപ്രിൽ 6-ാം തീയതി പതിനൊന്നു വയസ്സുള്ള അക്ഷയ എന്ന പെൺകുട്ടി ചികിത്സാപിഴവുമൂലം മരണപ്പെട്ടു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇതു സംബന്ധിച്ച് കുട്ടിയുടെ മാതാപിതാക്കൾ മനുഷ്യാവകാശ കമ്മീഷന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ അക്ഷയയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ മനുഷ്യാവകാശകമ്മീഷൻ ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | ഇതു സംബന്ധിച്ച് അക്ഷയയുടെ മാതാപിതാക്കൾ മനുഷ്യാവകാശ കമ്മീഷന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 4 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. |
| (സി) മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായ നഷ്ടപരിഹാരതുക നാളിതുവരെ നൽകാത്തതിന് കാരണം വ്യക്തമാക്കുമോ; തുക അടിയന്തിരമായി അക്ഷയയുടെ കുടുംബത്തിന് നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | മനുഷ്യാവകാശകമ്മീഷൻ ഉത്തരവായ നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ